മി. ഡെപ്യൂട്ടി സ്പീക്കർ : സഭയിലെ അംഗങ്ങളുടെ അവകാശം സംരക്ഷിക്കുന്നതോടൊപ്പം ഗവൺമെന്റ് ബിസിനസ്സ് നടത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്തവും ചെയറിനുണ്ട്. ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ അംഗങ്ങൾ സഹകരിക്കണം. ചോദ്യോത്തരവേളയുടെ തുടർനടപടികളും ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ളഭാഗങ്ങളും ശ്രദ്ധ ക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തു.

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വിഭജനം

2 (*302) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിഭജിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ജനറം സർവ്വീസുകൾക്കായി പ്രത്യേക സബ്സിഡിയറി കോർപ്പറേഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ജനറം കോർപ്പറേഷന് കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള വസ്തുവകകൾ വിട്ടുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ജനറം കോർപ്പറേഷന്റെ പ്രവർത്തനത്തിലേക്കായി കെ.എസ്.ആർ.ടി. സി.-യുടെ ഫണ്ടിൽനിന്നും നിലവിൽ എന്ത് തുക ചെലവാക്കിയിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിഭജിക്കാൻ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൻറം സർവ്വീസുകൾക്കായി RTC Act 1950 Article 17 A പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായി Kerala Urban Road Transport Corporation എന്ന പേരിൽ ഒരു Special Purpose Vehicle രൂപീകരിച്ചിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നില്ല.

(ഡി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനത്തിലേയ്ക്കായി കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ടിൽനിന്നും നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ആന്റി കറപ്ഷൻ ബ്യൂറോ മാന്വവൽ പരിഷ്കരണം

3 (*303) ശ്രീ. ജി. സുധാകരൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി ആരോപണങ്ങളും കൃത്യവിലോപങ്ങളും അന്വേഷിക്കുന്നത് സംബന്ധിച്ച് ആന്റി കറപ്ഷൻ ബ്യൂറോയുടെ മാന്വൽ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) സുപ്രീം കോടതി അഞ്ചംഗ ബെഞ്ച് എഫ്.ഐ.ആറിനു മുമ്പുള്ള പ്രാഥമിക അന്വേഷണം സംബന്ധിച്ച് 2013-ൽ പുറപ്പെടുവിച്ച വിധിപ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടെ മാന്വൽ പരിഷ്കരിച്ചിട്ടുണ്ടോ ;

(സി) ആന്റി കറപ്ഷൻ ബ്യൂറോ, നിലവിൽ അഴിമതി കേസിൽ അന്വേഷണത്തിന് പിന്തുടരുന്നത് ഏതു വിധിയുടെ വെളിച്ചത്തിലുള്ള നടപടിക്രമങ്ങളാണ് ;

(ഡി) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ഉന്നയിക്കപ്പെട്ട കോഴ ആരോപണം സംബന്ധിച്ച് വിജിലൻസ് സംഘം അന്വേഷണം നടത്തിയത് ഭരണഘടനാ ബെഞ്ചിന്റെ ഏതു വിധി പ്രസ്താവം അനുസരിച്ചാണ് ;

(ഇ) പ്രസ്തുത വിധിക്കനുസൃതമായി അന്വേഷണം നടത്താൻ വിസമ്മതിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ എടുക്കാവുന്ന ശിക്ഷ സംബന്ധിച്ച് വിധി പ്രസ്താവത്തിൽ പരാമർശമുണ്ടോ ; എങ്കിൽ എന്താണ് ;

(എഫ്) സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ പ്രസ്തുത വിധിയുടെ സ്പിരിറ്റിലാണോ, മറിച്ച് ക്വിക് വെരിഫിക്കേഷൻ നടത്താനാണോ മേൽപ്പറഞ്ഞ കേസിൽ ആഭ്യന്തര മന്ത്രി ഉത്തരവ് നൽകിയത്; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly